# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3451 08/11/2019-ൽ മറുപടിയ്ക്ക്

## കോലഞ്ചേരിയിലെ വെയിറ്റിംഗ് ഷെഡ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | കോലഞ്ചേരിയിൽ പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിച്ച ഫണ്ട് വിനിയോഗിച്ച് വെയിറ്റിംഗ് ഷെഡ് നിർമ്മാണം ആരംഭിക്കാത്തതിന് കാരണം എന്താണെന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരുവിവരവും വിശദമാക്കുമോ; | എ) | പൂതൃക്ക ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ച് നീക്കാത്തത് കാരണമാണ് നിർമ്മാണം ആരംഭിക്കാത്തത്. നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ സർവ്വേ റിപ്പോർട്ട് പാസ്സാക്കിയിട്ടുള്ളതും, പൂതൃക്ക ഗ്രാമപഞ്ചായത്ത് സെക്രട്ടറി രണ്ട് തവണ ലേലം ചെയ്തിട്ടുള്ളതുമായ ഈ പ്രവൃത്തി നിലവിൽ ആരും ഏറ്റെടുത്തിട്ടില്ല. വീണ്ടും പഞ്ചായത്ത് അധികൃതർ ലേലം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ല. |
| ബി) | പഴയ ഷെഡ് പൊളിച്ചുനീക്കിയ ശേഷം ടെൻഡർ നടപടികളും നിർമ്മാണവും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതും, പ്രവൃത്തി കരാർ വെച്ചിട്ടുള്ളതുമാണ്. |
| സി) | ഭരണാനുമതി കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി) | 31/01/2020 വരെ കാലാവധി നീട്ടി ഉത്തരവായിട്ടുള്ളതാണ്. നിലവിലുള്ള ബസ് കാത്തിരിപ്പ് കേന്ദ്രം പൊളിച്ച് മാറ്റിയാൽ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ